# കോവിഡ് പ്രതിരോധവും ജനപങ്കാളിത്തവും: കുസാറ്റ് പഠനം ആരംഭിച്ചു

**കൊച്ചി**

കോവിഡ് പ്രതിരോധവും ജനപങ്കാളിത്തവും എന്ന വിഷയത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ് )പഠനം ആരംഭിച്ചു.

സർവകലാശാലയിലെ 'വെർച്വൽ സെന്റർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസി'ന്റെ നേതൃത്വത്തിലാണ് പഠനം.

പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് ഗ്രാമീണജനതയ്ക്ക് കോവിഡ് –19 നെപ്പറ്റിയുള്ള അവബോധത്തിന്റെ തോത്, കോവിഡ് പൊതുജന ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഉയർത്തിയ വെല്ലുവിളികൾ, വെല്ലുവിളികൾ നേരിടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊണ്ട നടപടികൾ, ഈ നടപടികളിലെ ജനപങ്കാളിത്തം എന്നീ വിഷയങ്ങളിലാണ് പഠനം നടത്തുന്നത്.

30നകം സമർപ്പിക്കുന്ന പഠന റിപ്പോർട്ടിൽ, തുടർനടപടികൾ, പരിഹാരങ്ങൾ തുടങ്ങിയവ നിർദേശിക്കുമെന്ന് സെന്ററിന്റെ കോ–ഓർഡിനേറ്റർ ഡോ. അനീഷ് വി പിള്ള അറിയിച്ചു. മാനവിക വിഷയങ്ങളും നിയമവും കൈകാര്യം ചെയ്യുന്ന 13 പ്രഗത്ഭരായ അധ്യാപകരും പഠനസംഘത്തിലുണ്ട്.

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണ്ടിവരുന്ന എല്ലാ തുടർ നടപടികളിലും സഹകരിക്കുമെന്ന് ഡോ. അനീഷ് വി പിള്ള പറഞ്ഞു.

ദേശാഭിമാനി24-06-2020 പേജ്-02

# കോവിഡ് പ്രതിരോധം: കുസാറ്റ് വെർച്വൽ സെന്റർ പഠിക്കും

കളമശേരി ● കോവിഡ് 19നെ പ്രതിരോധിക്കുന്നതിനും അതിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കിനെ പഠന വിധേയമാക്കാനുള്ള യുജിസി സംരംഭം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വെർച്വൽ സെന്റർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ് ഏറ്റെടുക്കും. ഗ്രാമീണ ജനതയ്ക്ക് കോവിഡിനെക്കുറിച്ചുള്ള അവബോധത്തിന്റെ തോത്, രോഗം പൊതുജീവിതത്തിന്റെ വിവിധ മേഖലകളിൽ ഉയർത്തിയ വെല്ലുവിളികൾ, ഇവ നേരിടുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊണ്ട നടപടികൾ, പൊതുജന പങ്കാളിത്തം എന്നീ വിഷയങ്ങളിലാണ് പഠനം നടത്തുന്നത്.

കൃഷി, കൈത്തൊഴിലുകൾ, മത്സ്യബന്ധനം, ക്ഷീരോൽപാദനം തുടങ്ങിയ മേഖലകളാണ് പഠനവിധേയമാക്കുന്നത്. റിപ്പോർട്ട് 30നകം സമർപ്പിക്കുമെന്ന് പഠനത്തിനു നേതൃത്വം നൽകുന്ന അസിസ്റ്റന്റ് പ്രഫസർ ഡോ.അനീഷ് വി.പിള്ള അറിയിച്ചു. പഠന റിപ്പോർട്ടിൽ തുടർനടപടികളും പരിഹാരങ്ങളും നിർദേശിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

മലയാള മനോരമ 24/06/2020 പേജ്-02

# കോവിഡ് പ്രതിരോധവും ജനപങ്കാളിത്തവും: കുസാറ്റ് പഠനം ആരംഭിച്ചു

**കൊച്ചി:** കോവിഡ് 19 പ്രതിരോധത്തിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിലും തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക് പഠനവിധേയമാക്കാനുള്ള യു.ജി.സി സംരംഭം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ 'വെർചൽ സെൻറർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ്' ഏറ്റെടുക്കുന്നു. പൊതുജനങ്ങളുടെ കോവിഡ് അവബോധ തോത്, ജീവിതത്തിൻെറ വിവിധ മേഖലകളിൽ ഉയർത്തിയ വെല്ലുവിളികൾ, ഇവ നേരിടാൻ തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊണ്ട നടപടികൾ, ഇതിലെ ജനപങ്കാളിത്തം എന്നീ വിഷയങ്ങളിലാണ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത്. കാർഷികവൃത്തി, പരമ്പരാഗത കൈത്തൊഴിലുകൾ, മത്സ്യബന്ധനം, ക്ഷീരോൽപാദനം തുടങ്ങിയ മേഖലകളിലെ വെല്ലുവിളികളാണ് പ്രധാനമായും പഠനവിധേയമാക്കുന്നത്.ജൂൺ 30നകം സമർപ്പിക്കുന്ന പഠനറിപ്പോർട്ടിൽ തുടർനടപടികൾ, പരിഹാരങ്ങൾ തുടങ്ങിയവ നിർദേശിക്കുമെന്ന് പഠനസംഘത്തലവൻ കുസാറ്റ് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് അസി. പ്രഫസർ ഡോ. അനീഷ് വി. പിള്ള പറഞ്ഞു.

മാധ്യമം 24/06/2020 പേജ്-08

# Cusat lauches study on Covid awareness

**Express News Service**

The 'Virtual Centre for Advanced Research Studies in Humanities and Social Sciences' in the Cochin University of Science and Technology (CUSAT) has initiated a study in the neighbouring villages, municipalities and corporation to gauge the level of public awareness about Covid-19, the challenges faced by local self governments due to this pandemic and the strategies adopted therein. This is part of a project put forward by University Grants Commission (UGC).

The challenges faced by farmers, fishermen, indigenous producers and dairy farmers are the main target of study. The study is being undertaken by a group of 13 teachers who are experts in the field of Law and Humanities, headed by Aneesh V Pillai, assistant professor at School of Legal Studies and Co-ordinator of the Virtual Centre.

The study is being conducted in Kochi Corporation, Thrikkakkara, Maradu and Kalamassery Municipalities , Cheranelloor, Edathala and Pulinkunnu Grama Panchayaths among five hundred persons, officials of local self governments, and members of Residents' Associations.

The Indian Express 24-06-2020 page-II,03

# Cusat to study Covid-19 challenges

TIMES NEWS NETWORK

**Kochi:** The virtual centre for advanced research studies in humanities and social sciences in the Cochin University of Science and Technology (Cusat) has initiated a study in the neighbouring local bodies, including Kochi corporation, to gauge the level of public awareness and challenges faced during the Covid-19 pandemic.

The study is being conducted among 500 people, including officials of local self-government (LSG) bodies and members of residents' associations in the corporation, Thrikkakara, Maradu and Kalamassery municipalities, Cheranelloor, Edathala and Pulinkunnu grama panchayats.

This is part of a project put forth by the University Grants Commission (UGC) to all universities to understand the ground situation and strategies being adopted by various LSGs cross the country

The challenges faced by farmers, fisherfolk, indigenous producers, dairy farmers, etc. are the main target of the study. The study is undertaken by 13 teachers from Cusat from the field of law and humanities.

The report will be submitted by June 30.

"The centre will join hands with stakeholders for the follow up," said Aneesh V. Pillai, assistant professor at the School of Legal Studies and coordinator of virtual centre.

The National University of Advanced Legal Studies is conducting the study in Alangad and Edathala panchayats and municipalities like Tripunithura, Thrikkakara and Kalamassery.

Times of India 24-06-2020 page-02